രാജേഷ് രവീന്ദ്രൻ ഐ എഫ് എസ്
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (CAMPA)
ഭരണ വിഭാഗത്തിന്റെ അധിക ചുമതല

വനം വകുപ്പാസ്ഥാനം,
വഴുതക്കാട്,
തിരുവനന്തപുരം- 14
ഫോൺ : 0471 2529111
ഫാക്സ് : 0471 2338491
Email : apccf-admin.for@kerala.gov.in

No. T1-1936/2019(1) തീയതി: 03..01..2022.

## സർക്കുലർ

2021 വർഷത്തെ Property Statement 03-01-2022 മുതൽ 31-01-2022 വരെ കേരള വനം വകുപ്പിലെ എല്ലാ ജീവനക്കാരും(IFS ഉദ്യോഗസ്ഥർ ഒഴികെ) നിർബന്ധമായും സ്പാർക്കിലൂടെ ഓൺലൈൻ ആയി സമർപ്പിക്കേണ്ടതാണ്. പാർട്ട് ടൈം ജീവനക്കാർ/ കാഷ്വൽ ജീവനക്കാർ ഫയൽ ചെയ്യേണ്ടതില്ല. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ വനം വകുപ്പിൽ ജോലി ചെയ്യുന്ന ജീവനക്കാർ അവരുടെ മാതൃ വകുപ്പിൽ ഫയൽ ചെയ്യേണ്ടതാണ്. Property Statement ഫയൽ ചെയ്യുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ സർക്കുലറിനോടൊപ്പം ചേർത്തിട്ടുണ്ട്. നിലവിൽ സ്പാർക്കിൽ ലോഗിൻ ഇല്ലാത്ത ജീവനക്കാർ സ്പാർക്ക് ലോഗിൻ പേജിലെ "Not Registered a user yet, register now" എന്ന option ഉപയോഗിച്ച് പാസ് വേഡ് സെറ്റ് ചെയ്യാവുന്നതാണ്. എല്ലാ ജീവനക്കാർക്കും പാസ്‌വേഡ് നൽകുന്നതിനുള്ള നടപടികൾ ഡി.ഡി.ഒ. (Drawing and Disbursing Officer) മാർ സ്വീകരിക്കേണ്ടതുമാണ്. Property Statement ഫയൽ ചെയ്തതിനു ശേഷം തിരുത്തലുകൾ വരുത്തണമെന്നുള്ള ആവശ്യം ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. 31-01-2022 നു ശേഷം Property Statement ഫയൽ ചെയ്യാൻ സാധിക്കുന്നതല്ല. എല്ലാ ജീവനക്കാരും Property Statement നിശ്ചിത സമയപരിധിക്കുള്ളിൽ ഫയൽ ചെയ്തിട്ടുണ്ട് എന്ന് എല്ലാ മിനിസ്റ്റീരിയൽ തലവന്മാർ ഉറപ്പു വരുത്തേണ്ടതും ഈ വിവരം ഭരണ വിഭാഗത്തെ അറിയിക്കേണ്ടതുമാണ്. ഓരോ സർക്കിളിന്റെ പരിധിയിലുള്ള എല്ലാ ജീവനക്കാരും Property Statement ഫയൽ ചെയ്തിട്ടുണ്ട് എന്നുള്ള വിവരം അതാത് സർക്കിൾ കൺസർവേറ്റർമാർ 2022 ഫെബ്രുവരി 15-നു മുൻപേ ഭരണ വിഭാഗത്തെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ സമർപ്പിക്കാത്ത ജീവനക്കാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതാണ്. Property statement ഓൺലൈൻ സമർപ്പണവുമായി ബന്ധപ്പെട്ട തടസങ്ങൾ അനുഭവപ്പെടുകയാണെങ്കിൽ താഴെ പറയുന്ന സ്പാർക്ക് നോഡൽ ഓഫീസർമാരെ ബന്ധപ്പെടേണ്ടതാണ്.

| ക്രമ നമ്പർ | നോഡൽ ഓഫീസറുടെ പേര്, തസ്തിക, ഓഫീസ് | ചുമതല വഹിക്കേണ്ടുന്ന ഓഫീസുകളുടെ പരിധി | മൊബൈൽ നമ്പർ |
|---|---|---|---|
| 1 | ശ്രീ അഖിലേഷ് ശങ്കർ, ക്ലാർക്ക്, അഡിഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ്സ് കൺസർവേറ്ററുടെ ഓഫീസ് (ഭരണ വിഭാഗം) | വനം വകുപ്പാസ്ഥാനം | 8893407608 |
| 2 | ശ്രീമതി. രാജി . എസ് ആർ, ക്ലാർക്ക്, തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ ഓഫീസ് | വനം വകുപ്പാസ്ഥാനം | 9496402136 |
| 3 | ശ്രീ. അശ്വിൻ പി. എസ്, ക്ലാർക്ക്, കൊല്ലം, സോഷ്യൽ ഫോറസ്റ്ററി സൗത്തേൺ റീജിയൺ ചീഫ് ഫോറസ്റ്റ്സ് കൺസർവേറ്ററുടെ ഓഫീസ് | സൗത്തേൺ സർക്കിൾ | 9061441160 |
| 4 | ശ്രീ. അരുൺ.പി.വി, ക്ലാർക്ക്, കോട്ടയം സോഷ്യൽ ഫോറസ്റ്ററി അസിസ്റ്റന്റ് ഫോറസ്റ്റ്സ് കൺസർവേറ്ററുടെ ഓഫീസ് | ഹൈ റേഞ്ച് സർക്കിൾ | 8086125415 |
| 5 | ശ്രീ. നിജേഷ് വി എസ്, സീനിയർ ക്ലാർക്ക്, തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ ഓഫീസ്, | സെൻട്രൽ സർക്കിൾ | 9497316171 |
| 6 | ശ്രീ. അനീഷ് കെ.വി, ക്ലാർക്ക്, പാലക്കാട് ഈസ്റ്റേൺ സർക്കിൾ ചീഫ് ഫോറസ്റ്റ്സ് കൺസർവേറ്ററുടെ ഓഫീസ് | ഈസ്റ്റേൺ സർക്കിൾ | 9645006243 |
| 7 | ശ്രീ. സുജിത് കെ .പി , സീനിയർ ക്ലാർക്ക്, കണ്ണൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ ഓഫീസ് | നോർത്തേൺ സർക്കിൾ | 8129709645 |

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
ഭരണം

പകർപ്പ്

- പി.സി.സി.എഫ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, കേരളക്ക അറിവിലേക്കായി അയക്കുന്നു.
- എല്ലാ പി.സി.സി.എഫ്/എ.പി.സി.സി.എഫ്/സി.സി.എഫ്/സി.ഫ് മാർക്കും അറിവിലേക്കായി നൽകുന്നു.